ശ്രീ. ഇ. പി. പൗലോസ് : ഇപ്പോൾ ബോബെയിൽനിന്നും പഴങ്ങൾ കയറ്റി അയയ്ക്കുന്നുണ്ട്. കേരളത്തിൽനിന്ന് കയറ്റി അയയ്ക്കുമ്പോൾ അതിനു് ബുദ്ധിമുട്ടുണ്ടെങ്കിൽ അപ്പോൾ അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ഇ. പി. ഗോപാലൻ : വാഴവയ്പ് ഒരു പ്രത്യേകം ജോലിയായി ഇപ്പോൾ പലരും സ്വീകരിച്ചിട്ടുള്ള ഒരു കാലമാണ്. സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങളിൽ വാഴകർഷകർക്ക് വിശേഷിച്ചും, പൂവൻ വാഴകർഷകർക്ക് വന്നിട്ടുള്ള സുഖക്കേടിനെ തടയുന്നതിനു് കൃഷി ഡിപ്പാർട്ടുമെന്റിൽനിന്ന വല്ല പ്രൊട്ടക്ഷനും ചെയ്തുകൊടുത്തിട്ടുള്ളതായി അറിയാമോ ?

ശ്രീ. ഇ. പി. പൗലോസ് : വാഴ കൃഷിയിൽ ബഹുമാനപ്പെട്ട മെമ്പർക്കുള്ള അഭിരുചിയെ അഭിനന്ദിക്കുകയും, അതിനാവശ്യമായിട്ടുള്ള പ്രോത്സാഹനങ്ങൾ ചെയ്തുകയും ചെയ്യാം. ഇപ്പോൾ സുഖക്കേട് ബാധിച്ചിട്ടുള്ള വാഴകൾ പറിച്ചു കളയുകയേ നിവർത്തിയുള്ളൂ.

നാഷണൽ ഹൈവേ.

* 460. [17] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഹൈവേയുടെ പ്രവൃത്തി എത്ര നാഴിക നീളത്തിൽ പൂർണ്ണമായും ചെയ്തീർത്തു ;

(ബി) ഇനി എത്ര നാഴിക ബാക്കിയുണ്ട് ; എപ്പോൾ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നതു് ;

(സി) നാഷണൽ ഹൈവേയിൽ മൊത്തം എത്ര പാലങ്ങൾ പുതുക്കിപണിയേണ്ടതുണ്ടായിരുന്നു ;

(ഡി) എത്രയെണ്ണം പൂർത്തിയായി ; ബാക്കി ഏതെല്ലാം പാലങ്ങളാണുള്ളതു് ; അവ എപ്പോൾ ആരംഭിക്കും ;

(ഈ) നാഷണൽ ഹൈവേയിൽ റെയിൽവേ ലൈൻ ക്രോസുകൾ എത്രയുണ്ട് ;

(എഫ്) ഇതിൽ എത്രയെണ്ണത്തിൽ ഓവർബ്രിഡ്ജ് പണിയാൻ ഉദ്ദേശിക്കുന്നുണ്ട് ;

(ജി) എത്ര ഓവർബ്രിഡ്ജുകൾ പൂർത്തിയായി ; ഏതെല്ലാം ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) 65 നാഴിക.

(ബി) 215 നാഴിക ബാക്കിയുണ്ട്. ഇതിൽ 33 മൈൽ സ്ഥലത്തു് പണി നടന്നുവരുന്നു. പണി എപ്പോൾ പൂർത്തിയാകുമെന്നു പറയാൻ നിവൃത്തിയില്ല.

(സി) 56 പാലങ്ങൾ.

(ഡി) പുതുക്കി പണിയേണ്ട നാല് പാലങ്ങളുടെ പണി പൂർത്തിയായി. നാല് പാലങ്ങളുടെ പണി നടന്നുകൊണ്ടിരിക്കുന്നു. ബാക്കി പുതുക്കി പണിയേണ്ട പാലങ്ങളുടെ ലിസ്റ്റു മേശപ്പുറത്തു വച്ചിട്ടുണ്ട്.* ഇവയുടെ പണികൾ കേന്ദ്രഗവണ്മെന്റിന്റെ അനുവാദം ആവശ്യമാകയാൽ എപ്പോൾ ആരംഭിക്കുമെന്നു പറയുവാൻ സാദ്ധ്യമല്ല.

* Appendix II.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. പി. ഉമ്മർകോയ]

(ഈ) എട്ട്.

(എഫ്) എട്ടെണ്ണത്തിലും ഓവർബ്രിഡ്ജ് പണിയാൻ ഉദ്ദേശിക്കുന്നു.

(ജി) അങ്കമാലി ഓവർബ്രിഡ്ജിന്റെ പണി പൂർത്തിയായി. ഗതാഗതത്തിനു തുറന്നു കൊടുത്തു. കളമശ്ശേരി ഓവർബ്രിഡ്ജിന്റെ പണി ഭാഗികമായി പൂർത്തിയായി. എച്ച്. എം. ടി. യിലേക്കുള്ള അപ്രോച്ച് റോഡ് ഗതാഗതത്തിനു തുറന്നു കൊടുത്തു. എറണാകുളം ഭാഗത്തേയ്ക്കുള്ള അപ്രോച്ച് റോഡിന്റെ പണി പൂർത്തിയായി വരുന്നു.

ശ്രീ. ഈ. പി. ഗോപാലൻ : നാഷണൽ ഹൈവേയുടെ കൂട്ടത്തിൽ കന്യാകുമാരി മുതൽ ബോംബെ വരെയുള്ള വെസ്റ്റ് കോസ്റ്റ് റോഡ് ഉൾപ്പെടുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : നാഷണൽ ഹൈവേയിൽ വെസ്റ്റ് കോസ്റ്റ് റോഡ് ഉൾപ്പെടുകയില്ല.

ശ്രീ. കെ. ആർ. വിജയൻ : നാഷണൽഹൈവേയുടെ ഭാഗമായി വില്ലിംഗ്ടൺ ഐലണ്ടിൽ നടത്തേണ്ട പണിയുടെ സ്ഥാനനിർണ്ണയം ചെയ്യുകഴിഞ്ഞോ ?

ശ്രീ. പി. പി. ഉമ്മർകോയ : അതു നിർണ്ണയിച്ചു കഴിഞ്ഞിട്ടില്ല.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: വെസ്റ്റ്കോസ്റ്റ് റോഡ് നാഷണൽ ഹൈവേയിൽ പെടുന്നില്ലെങ്കിൽ അതു പിന്നെ ഏതിൽപ്പെടും.

ശ്രീ. പി പി. ഉമ്മർകോയ : അതു പ്രത്യേകം ഒരു വർക്കാണു്, അതിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീമതി കെ. ആർ. ഗൗരി : പേത്തല താലൂക്കിൽ നാഷണൽ ഹൈവേയുടെ പണി തുടങ്ങുന്നതിനു് അതിന്റെ അലൈൻമെന്റു കഴിഞ്ഞിട്ടു് മൂന്നാലു കൊല്ലമായി. എന്നാൽ ഇതുവരെയും അതിന്റെ പണി തുടങ്ങിയിട്ടില്ല. അതിനുള്ള കാരണമെന്താണെന്നു പറയാമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അതിനു് ഇൻഡ്യാഗവണ്മെന്റിന്റെ അനുമതി കിട്ടണം.

ശ്രീ. എം. പി. ആൻറണി : ചിറ്റൂർ ഡിസ്ട്രിക്റ്റിൽ ചില ഭാഗങ്ങളിൽ നാഷണൽ ഹൈവേയുടെ പണി തുടങ്ങിയിട്ടില്ല. അതു തുടങ്ങുവാൻ നടപടി എടുക്കുമോ ?

മി. സ്പീക്കർ : നാഷണൽ ഹൈവേ സംബന്ധിച്ചു് അവിടവിടെയായിട്ടുള്ള കാര്യങ്ങളും ചോദിച്ചാൽ അതിനു മറുപടി പറയാൻ പ്രയാസമാണു്.

WRITTEN ANSWERS.

കൊലപാതകങ്ങളും.

* 461. [18] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963–64 വർഷത്തിൽ എത്ര കൊലപാതകങ്ങളും സ്റ്റേറ്റിൽ നടന്നതായി റിപ്പോർട്ടു ചെയ്തിട്ടുണ്ടു് ;

(ബി) ഇതിൽ എത്ര എണ്ണം തെളിവില്ലാതെ കിടപ്പുണ്ടു് ;

(സി) മൂവാറ്റുപുഴ താലൂക്കു് രാമമംഗലം വില്ലേജു് കീഴമുറി കരയിൽ എള്ളിൽ കുട്ടൻ രാഘവന്റെ മരണത്തെപ്പറ്റി, അതൊരു കൊലപാതകമാണെന്നു കാണിച്ചു് അയാളുടെ സഹോദരൻ ആനന്ദന്റെ പരാതി ലഭിച്ചുവോ

LIBRARY ARCHIVES Kerala Legislative Assembly